## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1927 04.12.2018 ൽ മറുപടിയ്ക്ക്**

**വാഹനങ്ങളുടെ താൽക്കാലിക രജിസ്ട്രേഷൻ**

| | ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഷോറൂമുകളിൽ നിന്നും പുതിയ വാഹനങ്ങൾ താൽക്കാലിക രജിസ്ട്രേഷൻ നടത്തി പുറത്തിറക്കാൻ അനുവദിക്കുന്നതിലൂടെ ഉണ്ടാകുന്ന അപകടമുൾപ്പെടെയുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | താൽക്കാലിക രജിസ്ട്രേഷൻ നൽകി വാഹനങ്ങൾ പുറത്തിറക്കുന്നതിലൂടെ അപകടങ്ങളോ മറ്റു പ്രശ്നങ്ങളോ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ആരുടെ പേരിലും പുതിയതും പഴയതുമായ വാഹന രജിസ്ട്രേഷനുള്ള നിലവിലെ അവസരം റദ്ദാക്കി അതത് വാഹനങ്ങൾ ഓടിക്കുന്നതിന് ലൈസൻസുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തുമോ ; | (ബി) | പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷനും പഴയ വാഹനങ്ങളുടെ ഉടമസ്ഥാവകാശം മാറ്റുന്നതും കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിന്റെ പരിധിയിൽ വരുന്ന വിഷയമാണ്. ഇതിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റം വരുത്തുന്നതിന് സംസ്ഥാന സർക്കാരിന് സാധിക്കില്ല. |
| (സി) | പുതിയ വാഹനത്തിന് സ്ഥിര രജിസ്ട്രേഷനും നമ്പർപ്ലേറ്റും സഹിതം നൽകി മാത്രം പുറത്തിറക്കുന്നതിന് നിയമങ്ങളിൽ മാറ്റം വരുത്തുമോ എന്നറിയിക്കാമോ? | (സി) | നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും കേന്ദ്ര സർക്കാർ ആവശ്യമായ ഭേദഗതി വരുത്തിയാൽ മാത്രമേ ഇതിന് സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ